ജില്ല	അനുവദിച്ച പട്ടയങ്ങളുടെ എണ്ണം
തിരുവനന്തപുരം	3181
കൊല്ലം	683
പത്തനംതിട്ട	506
ആലപ്പുഴ	256
കോട്ടയം	1309
ഇടുക്കി	1992
എറണാകുളം	1449
തൃശ്ശൂർ	510
പാലക്കാട്	2114
മലപ്പുറം	843
കോഴിക്കോട്	1550
വയനാട്	727
കണ്ണൂർ	11100
കാസർഗോഡ്	10271
ആകെ	36491

(ബി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരമുള്ള പട്ടയ വിതരണത്തിൽ, ഭൂമിപതിവ് ചട്ടങ്ങൾക്കനുസൃതമായിത്തന്നെ ചില വിഭാഗങ്ങൾക്ക് മുൻഗണന നൽകുന്നത് പരിഗണിച്ചിട്ടുണ്ട്. അഗതികൾ, മാരകരോഗം ബാധിച്ചവർ, അംഗവൈകല്യ മുള്ളവർ, വിധവകൾ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ എന്നീ ക്രമത്തിലാണ് മുൻഗണന നൽകിയിട്ടുള്ളത്.

ചൂഴലിക്കാറ്റ് പ്രതിരോധ പദ്ധതി

152 (1185) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി തയ്യാറാക്കിയ ചൂഴലിക്കാറ്റ് പ്രതിരോധ പദ്ധതിക്ക് കേന്ദ്രത്തിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിലെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ;

(സി) പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) പദ്ധതിയുടെ സംസ്ഥാന ഘടകത്തിന് സംസ്ഥാന ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പദ്ധതി നിർവ്വഹണത്തിനായി 26-12-2013 ലെ സ.ഉ.(സാധാ) നമ്പർ 6773/2013/ഡി.എം.ഡി. പ്രകാരം ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ പ്രോജക്ട് സ്റ്റീയറിംഗ് കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. സെക്രട്ടറി, റവന്യൂവും ദുരന്ത നിവാരണവും വകുപ്പ്, (മെമ്പർ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി), ലാന്റ് റവന്യൂ കമ്മീഷണർ, ജില്ലാ കളക്ടർ, കൊല്ലം, ഹെഡ് സയന്റിസ്റ്റ് (സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രം), സെക്രട്ടറി ധനകാര്യ (എക്സ്പെന്റിച്ചർ) വകുപ്പ് എന്നിവർ അടങ്ങുന്നതാണ് ഈ കമ്മിറ്റി. 5-8-2014 ലെ സ.ഉ. (സാധാ) നമ്പർ 331/2014/ഡി.എം.ഡി. പ്രകാരം പദ്ധതി നിർവ്വഹണത്തിനായി കേരള സർക്കാർ അനുമതി നൽകിയതിനെത്തുടർന്ന് കേരളത്തിന്റെ 9 തീരദേശ ജില്ലകളിൽ പദ്ധതി നടത്തിപ്പിനായി സ്റ്റേറ്റ് പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് (SPIU) രൂപീകരിച്ചു. പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധോദ്ദേശ്യ അഭയകേന്ദ്രങ്ങൾ, റോഡുകൾ എന്നിവ നിർമ്മിക്കുന്നതിനായി അനുയോജ്യമായ സ്ഥലങ്ങളുടെ വിവരങ്ങൾ ജില്ലകളിൽനിന്ന് ശേഖരിക്കുകയും ആ സ്ഥലങ്ങളിൽ പരിസ്ഥിതി-സാമൂഹിക പഠനവും നടത്തുന്നുണ്ട്. പദ്ധതിക്കുവേണ്ടി ഒരു മോഡൽ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് ലോക ബാങ്കിന് സമർപ്പിച്ചിട്ടുണ്ട്. പദ്ധതിക്കുവേണ്ട ധനസഹായത്തിന് ലോകബാങ്കിന്റെ ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ അംഗീകാരവും ലഭിച്ചിട്ടുണ്ട്.

(സി) ലോകബാങ്കിന്റെ വായ്പാ സഹായത്തോടെ കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹകരണത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ദേശീയ ചുഴലിക്കാറ്റ് ലഘൂകരണ പദ്ധതി. പദ്ധതിയിൽ നാല് ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(a) Early Warning Dissemination

(b) Cyclone Risk Mitigation Infrastructure

(c) Technical Assistance for Multi-hazard Risk Management

(d) Project Implementation unit ;

രണ്ടാം ഘടക പദ്ധതിക്ക് 22.3 ദശലക്ഷം ഡോളറാണ് വകകൊള്ളിച്ചിട്ടുള്ളത്. ഇതിന്റെ 75% വായ്പയും 25% സംസ്ഥാന വിഹിതവുമാണ്. സംസ്ഥാനത്തെ തീരദേശ ജില്ലകളായ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നിവയുടെ തീരപ്രദേശങ്ങളോട് ചേർന്നുള്ള സ്ഥലങ്ങളിൽ വിവിധോദ്ദേശ്യ അഭയകേന്ദ്രങ്ങൾ, റോഡുകൾ മുതലായവ നിർമ്മിക്കുകയെന്നതാണ് ഈ ഘടകത്തിന്റെ ലക്ഷ്യം. ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ മുഖേനയായിരിക്കും നിർമ്മാണം നടപ്പിലാക്കുക.

(ഡി) ഉണ്ട്. 2015-16 ബഡ്ജറ്റിൽ 28.16 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച റോഡുകളുടെ നിർമ്മാണപ്രവൃത്തികൾ

153 (1186) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾ നിർത്തിവെച്ചതും, പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കേണ്ടതില്ല എന്ന ഉത്തരവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അനുവദിച്ച റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; മാവേലിക്കര മണ്ഡലത്തിൽ പ്രസ്തുത ഉത്തരവിനെ തുടർന്ന് നിർത്തിവച്ച റോഡുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) പതിമൂന്നാം ധനകാര്യ കമ്മീഷന്റെ കാലാവധി 31-3-2015-ൽ അവസാനിക്കുന്നതിനാൽ, 31-3-2015-നുമുമ്പ് പ്രവൃത്തികൾ പൂർത്തിയാക്കി ബില്ലുകൾ സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly